**Weekly Devotion - September 2018**

# “Guide” A good teacher

## A good Teacher” is like a candle. It consumes itself to ‘Light’the way for others



സൈക്കിൾ സവാരിഹരമായ രണ്ട് കുട്ടികൾ ഒരു ഗ്രാമത്തിലുണ്ടായിരുന്നു. അയൽവാസികളായ ഈ കുട്ടികൾ ഒരു അവധി ദിവസം Road സവാരിക്കായി തങ്ങളുടെ സൈക്കിളുമായി ഇറങ്ങി. ആരാണ് മുൻപിൽ എന്ന ചിന്തയോടെ മത്സരബുദ്ധിയിൽ സൈക്കിൾ ചവിട്ടിപ്പോയ ഇവർ തങ്ങൾ വഴിമാറി യാത്ര ചെയ്തതോ, വഴിതെറ്റിയതോ അറിഞ്ഞില്ല. ഇരുട്ടുവാൻ തുടങ്ങിയോ എന്ന് ഒരുവൻ ചിന്തിച്ചെങ്കിലും തോൽക്കാൻ മനസ്സില്ലാത്തവരായി ഇവർ മുൻപോട്ടുപോയി. അസമയത്ത് വഴിതെറ്റി വരുന്ന കുട്ടികളെ കണ്ട അദ്ധ്യാപകൻ കൈകാണിച്ച് സൈക്കിൾ നിർത്തിച്ചു. സുബോധം നഷ്ടപ്പെട്ടവരായി പ്രവർത്തിച്ച കുട്ടികൾക്ക് അവരുടെ തെറ്റ് മനസ്സിലാക്കികൊടുത്ത അദ്ധ്യാപകൻ അവരെ വീടകളിൽ എത്തിച്ചു. ഈ അദ്ധ്യാപകൻ നമുക്ക് ഒരു മാതൃകയാവട്ടെ.

പാതമാറി യാത്രചെയ്യുന്നവർ മറ്റാരുടെയോ ലക്ഷ്യത്തിലായിരിക്കും എത്തുക. മറ്റൊരാളെ തോല്പിച്ച് വിജയം നേടി എന്ന് കരുതുന്നവർ അരുതാത്തവഴി സഞ്ചരിച്ചോ, അതിർവരമ്പുകൾ ലംഘിച്ചോ എന്ന് ചിന്തിക്കണം. ഇപ്രകാരമുള്ള സാഹചര്യത്തിലാണ് ഒരു നല്ല ഗുരുവിന്റെ ആവശ്യം. വഴിതെറ്റിയാത്രചെയ്യുന്നവരുടെ എണ്ണം വർദ്ധിക്കുന്ന ഈ കാലയളവിൽ ‘‘ക്രിസ്തു’’ എന്ന നല്ല ഗുരുവിന്റെ ജീവിതം നമുക്ക് മാതൃകയാവട്ടെ.

സ്വർഗ്ഗസ്ഥനായ നല്ലപിതാവിൽ നിന്ന് സകലതും പഠിച്ചവനാണ് നമ്മുടെ ‘‘നല്ലഗുരു (Mark 10:17) ഉദാഹരണ സഹിതം സാധാരണ മനുഷ്യർക്ക് മനസ്സിലാകത്തക്കവിധത്തിൽ രസകരമായി പഠിപ്പിക്കുന്ന വ്യക്തിയാണ് ഈ ഗുരു. സ്വർഗ്ഗരാജ്യത്തിനവകാശികളാകേണ്ടവർ എന്തു ചെയ്യണമെന്ന് പാറമേൽ വീടുപണിയുന്ന വ്യക്തിയേയും മണലിന്മേൽ വീടുപണിയുന്ന വ്യക്തിയേയും തമ്മിൽ താരതമ്യം ചെയ്ത് പഠിപ്പിക്കുന്നു.

Read മത്താ:(7:24-28)

യേശുവിന്റെ പഠനരീതി ലളിതമാകയാൽ വമ്പിച്ച ജനകൂട്ടത്തെ ആകർഷിച്ചിരുന്നു. ഒരു വിധത്തിൽ ഈ ഗുരുവിന്റെ പഠനക്കളരി ഒരു Travelling ministry ആയിരുന്നു. ഈ ഗുരുവിന്റെ ശബ്ദം ആധികാരികമാകയാൽ ഇത് ജനത്തെ ആകർഷിച്ചിരുന്നു. ലൂക്കോ :(13:1-5) വരെയുള്ള ഭാഗത്ത് ഗലീലക്കാരായ ചില മനുഷ്യർക്ക് സംഭവിച്ചത് അവരുടെ കുറവുകൊണ്ടാണെന്ന് പറ

യുന്നവരോട് മാനസാന്തരപ്പെടാത്ത നിങ്ങളും ഇതുപോലെ നശിക്കുമെന്ന് പറയുവാനുള്ള ധൈര്യം യേശുകാണിച്ചു. ലാഭേച്ഛ ഇല്ലാത്ത സത്യം പറയുന്നവനത്രെ നമ്മുടെ ഗുരു. ഇന്ന് തങ്ങളുടെ സുരക്ഷിതത്വം നോക്കി സംസാരിക്കുന്നവരാണ് കൂടുതൽ. നല്ല ഗുരുവിന്റെ ശബ്ദ ത്തിന് കാതോർക്കാം നമുക്ക്.

പ്രമാണങ്ങളെ യഹൂദൻ മുറുകെ പിടിക്കുമ്പോൾ നല്ല ഗുരുവായ യേശു ജനത്തിന്റെ അവസ്ഥയറിഞ്ഞ് പ്രവർത്തിക്കുന്നു. Read ലൂക്കോ:(13:10-17), വഴിതെറ്റിയാത്രചെയ്ത ശൗലിനെ തന്റെ പഠനക്കളരിയിൽക്കൂടി കടത്തിവിട്ട് പൗലോസ് എന്ന മറുപേർ നൽകി തന്റെ വേലയ്ക്കായി ഉപയോഗിച്ചു. നീ ഉപദ്രവിക്കുന്ന യേശു ആണ് ഞാൻ എന്ന ശബ്ദം പില്ക്കാലത്തെ കഠിനയാതനകളിലും എന്റെ ഉടയവനും ഞാൻ സേവിച്ച് വരുന്നവനുമായ യേശു എന്ന സാക്ഷ്യം അവന് പറയുവാൻ കാരണമായി (അപ്പോ :പ്ര:27:23,24).

ബലഹീനഹേതുക്കൾകൊണ്ട് വിജയംനേടുവാൻ മോശയെയും, ദാവീദിനെയും പഠിപ്പിച്ച വാണ് വലിയവനായ നമ്മുടെ ഗുരു. ഈ ഗുരുവിന്റെ ശിഷ്യരെ ലോകം പരാജിതരായി കാണും. സൗമ്യതയുള്ളവർക്ക് തന്റെ വഴിപഠിപ്പിച്ച് നൽകുന്ന സ്വർഗ്ഗീയ ഗുരുവിന്റെ ശിഷ്യരാകുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ.

The ordinary teacher tells
The good teacher explains
The super teacher demonstrates
so we should follow the 'super teacher'

Santhamma Varghese

*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind